(സി) കൃത്യമായ കണക്കുകൾ ജലസേചനവകുപ്പിൽ ലഭ്യമല്ല.

(ഡി) ഉണ്ട്. 5,65,920 ഏക്കർ സ്ഥലം കൃഷിചെയ്യാൻ സാധിച്ചിട്ടുണ്ട്.

(ഇ) 5,24,676 ഏക്കർ സ്ഥലത്ത് ജലസേചനം ഏർപ്പെടുത്താൻ സാധിച്ചു.

(എഫ്) സംസ്ഥാനത്ത് 'വാട്ടർ റിസോഴ്സസ് ഓഫ് കേരള 1974' പ്രകാരം 2484 ടി.എം.സി. നദീജലത്തിൽ നിന്നും ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് 1510 ടി.എം.സി. എന്നും അതിൽ 1020 ടി.എം.സി. ജലം ജലസേചനത്തിന് ആവശ്യമായിവരുമെന്നും തിട്ടപ്പെടുത്തിയിട്ടുണ്ട്. അതായത്, ലഭ്യമായ നദീജലത്തിന്റെ 67% ജലം ജലസേചനത്തിന് ഉപയോഗിക്കുന്നു.

(1842) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽപ്പെട്ട നെടുമല ലിഫ്റ്റ് ഇറിഗേഷൻ, കണ്ടാറ്റുകുന്ന് ലിഫ്റ്റ് ഇറിഗേഷൻ എന്നിവയുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ;

(ബി) നെടുമല ലിഫ്റ്റ് ഇറിഗേഷൻ എന്ന് പ്രവർത്തിച്ചുതുടങ്ങും എന്ന് വെളിപ്പെടുത്തുമോ;

(സി) കണ്ടാറ്റുകുന്ന് ലിഫ്റ്റ് ഇറിഗേഷനുവേണ്ട ജലം ലഭ്യമാക്കുന്നതിന് പി.വി.ഐ.പി. മെയിൻ കനാലിൽ നിന്നുള്ള, സ്ലൂയിസ് നിർമ്മാണം എന്ന് തുടങ്ങുമെന്ന് അറിയിക്കുമോ;

(ഡി) കാരുകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ രണ്ടാമത്തെ മോട്ടോറും പമ്പും എന്നത്തേക്ക് പ്രവർത്തിച്ചുതുടങ്ങും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്നത്തുനാട് മണ്ഡലത്തിൽപ്പെട്ട നെടുമല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സ്പെഷ്യൽ കംപോണന്റ് പ്രോഗ്രാമിൽപ്പെടുത്തി സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പണികൾക്ക് ഈ പ്രോജക്ടിന്റെ പുതുക്കിയ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി എറണാകുളം ജില്ലാ കളക്ടർക്ക് 08.01.99-ൽ അയച്ചുകൊടുത്തിട്ടുണ്ട്.

കണ്ടാറ്റുകുന്ന് ലിഫ്റ്റ് ഇറിഗേഷന്റെ ഇംപ്രൂവ്മെന്റ് പണികൾക്ക് ടെൻഡർ വിളിക്കുകയും 10.12.99-ൽ സെലക്ഷൻ നോട്ടീസ് കോൺട്രാക്ടർക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജില്ലാ കളക്ടറിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി പൂർത്തിയാക്കി പ്രവർത്തിച്ചുതുടങ്ങുന്നതാണ്.

(സി) ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനുള്ള പണികൾക്ക് സെലക്ഷൻ നോട്ടീസ് 10.12.99-ൽ കോൺട്രാക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എഗ്രിമെന്റ് വച്ചാലുടൻ പണികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാരക്കുന്ന്(കാരാമൂട്ടിൽ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുള്ള അഡീഷണൽ മോട്ടോർ സ്ഥാപിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതാണ്.

(1843) പൂപ്പഞ്ഞ മംഗലകുളം ലിഫ്റ്റ് ഇറിഗേഷൻ

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ പൊയ്യ പഞ്ചായത്തിൽപ്പെടുന്ന പൂപ്പഞ്ഞ മംഗലകുളം ലിഫ്റ്റ് ഇറിഗേഷന്റെ പൈപ്പു ഇടൽ പണി നടന്നുകഴിഞ്ഞിരിക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പമ്പ് ഹൗസും മോട്ടോറും സ്ഥാപിക്കുന്നതിനു ടെണ്ടർ വിളിക്കുകയോ കമ്മീഷൻ ഉറപ്പിച്ചു കൊടുക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഇറിഗേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തല്ലാമെന്നും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പമ്പ് ഹൗസ്, ഡെലിവറി ലയിൻ, കോൺക്രീറ്റ് ലീഡിംഗ് ചാനൽ എന്നീ പണികൾ 24.7.97 ലും 11.11.97 ലും ടെണ്ടർ ചെയ്യുകയുണ്ടായെങ്കിലും പണികൾ ഏറ്റെടുത്തു നടത്തുവാൻ ആരും തയ്യാറാകാത്തതിനാൽ കമ്മീഷൻ ക്ഷണിക്കുകയുണ്ടായി. ലഭിച്ച കമ്മീഷനുകളിൽ റേറ്റ് വളരെ കൂടുതലായതിനാൽ അവ പരിശോധിച്ചുവരികയാണ്. പരിശോധന പൂർത്തിയാക്കി ടെണ്ടർ കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണ്.

പമ്പ്സെറ്റിന്റെ ഡിസൈൻ തീർപ്പു കൽപ്പിച്ച് തൃശ്ശൂർ എം.ഐ. ഡിവിഷൻ എക്സി. എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മോട്ടോറിനുള്ള ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) പമ്പ് സെറ്റിന്റെ ഡിസൈൻ തീർപ്പ് കൽപ്പിച്ച് തൃശ്ശൂർ എം.ഐ. ഡിവിഷൻ എക്സി. എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം പമ്പ്സെറ്റ് വാങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

പമ്പുസെറ്റ്, ഡെലിവറി ലയിൻ, കോൺക്രീറ്റ് ലീഡിംഗ് ചാനൽ എന്നിവയുടെ പണികൾക്ക് കമ്മീഷൻ വിളിക്കുകയും ലഭിച്ച കമ്മീഷനുകൾ പരിശോധിച്ച് വരികയുമാണ്. പരിശോധന പൂർത്തിയാക്കി ടെണ്ടർ കമ്മിറ്റിക്ക് സമർപ്പിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബാക്കി പണികൾ പൂർത്തിയാക്കുന്നതാണ്. മേൽപ്പറഞ്ഞ പണികൾ പൂർത്തിയായി വൈദ്യുതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്.

1094/2010.

LIBRARY ARCHIVES Kerala Legislative Assembly